8. കെ. രാജേന്ദ്രൻ,
ഒപ്പക്കിടിവീട്, അതിയന്നൂർ,
ആറാലുംമൂട് പി.ഒ.

9. ജി. ശശി,
നരുത്തുൻകുഴിവീട്, അച്ചൻകോട്,
വിനോദനികേതൻ, നെടുമങ്ങാട്.

10. എൻ. ത്യാഗു,
മഞ്ചു വിലാസ്, അരുവിക്കോട്, വട്ടപ്പാറ പി.ഒ.,
തിരുവനന്തപുരം.

(ഇ) സ്റ്റേറ്റുമെൻറ് ഇതോടൊപ്പം വയ്ക്കുന്നു.†

(എഫ്) സ്റ്റേറ്റ്മെൻറ് ചേർത്തിട്ടുണ്ട്.

ഓഡേപെക് മുഖേന വിദേശത്തു പോകുന്ന ഡോക്ടർമാർ

1304 [2335] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൻെറ നിയന്ത്രണത്തിലുള്ള 'ഓഡേപെക്' ഇക്കഴിഞ്ഞ 3 വർഷത്തിനുള്ളിൽ എത്ര ഡോക്ടർമാരെ വിദേശത്തേക്ക് അയച്ചു;

(ബി) ഇങ്ങനെ അയയ്ക്കുന്ന ഡോക്ടർമാരിൽനിന്നും എന്തെങ്കിലും ഫീസ് ഈടാക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര രൂപവീതം;

(ഡി) ഏതെങ്കിലും കാരണത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഡോക്ടർമാർക്കു പോകാൻ കഴിയാത്ത സാഹചര്യത്തിൽ ഇവരിൽനിന്നും ഈടാക്കിയ ഫീസ് തിരിച്ചു നൽകാതിരിക്കാൻ എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(ഇ) ഏതാനും മാസങ്ങൾക്കുമുൻപ് ലിബിയയിലേക്കു ഈ സ്ഥാപനം ഡോക്ടർമാരെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്രപേരെ;

(ജി) ഇവരിൽ ഓരോരുത്തരിൽനിന്നും എത്ര രൂപ വീതം ഫീസ് ഇനത്തിൽ വാങ്ങി;

(എച്ച്) ലിബിയയിൽ ബോംബാക്രമണം ഉണ്ടായതിനെത്തുടർന്നു പോകാൻ കഴിയാതെ വന്ന ഡോക്ടർമാർക്കു അവരിൽനിന്നു ഈടാക്കിയ ഫീസ് തിരിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഐ) ഇതു സംബന്ധിച്ച് കിട്ടിയ നിവേദനങ്ങളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) 94 ഡോക്ടർമാരെ വിദേശത്തേക്ക് അയച്ചിട്ടുണ്ട്.

(ബി) സർവ്വീസ് ചാർജും, വെൽഫെയർ ചാർജും ഈടാക്കുന്നുണ്ട്.

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(സി) കമ്പനി ഡയറക്ടർബോർഡു തീരുമാനം അനുസരിച്ച് സർവ്വീസ് ചാർജും വെൽഫെയർ ചാർജും ഉൾപ്പെടെ 2,000 രൂപ വീതം 22–9–1984–വരെ ഈടാക്കിയിട്ടുണ്ട്. അതിനുശേഷം 6,000 രൂപവീതം ഡോക്ടർമാരിൽനിന്നും ഈടാക്കിയിട്ടുണ്ട്. 16–6–1986–നുശേഷം ബോർഡു തീരുമാനം അനുസരിച്ച് സർവ്വീസ് ചാർജ് 1,500 രൂപയും പ്രൊമോഷണൽ എക്സ്പെൻസ് 5,000 രൂപയും വെൽഫെയർ ചാർജ് 1000 രൂപയും ഉൾപ്പെടെ ഫീസ് 7,500 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ഡി) നിയമനം ലഭിച്ചു കഴിഞ്ഞാൽ കമ്പനിയുടെയോ ഉദ്യോഗാതോവിന്റെയോ വീഴ്ചകൊണ്ട്, ഉദ്യോഗാർത്ഥിക്കു വിദേശത്തേക്കു പോകാൻ കഴിയാതെവന്നാൽ ഫീസ് തിരിച്ചു നൽകുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞ് വിസയും ടിക്കറ്റും എംബസിയിൽനിന്നും ലഭ്യമായതിനുശേഷം നിയമനം സ്വീകരിക്കാത്തവർക്കു ഫീസ് തിരിച്ചു നൽകുവാനില്ല.

(ഇ) ഉണ്ട്.

(എഫ്) 146 പേരെ തിരഞ്ഞെടുത്തതിൽ 72 പേർ ലിബിയയിൽ പോയിട്ടുണ്ട്.

(ജി) സർവ്വീസ് ചാർജും വെൽഫെയർ ചാർജും ഉൾപ്പെടെ ഓരോരുത്തരിൽനിന്നും 6,000 രൂപ വീതം ഈടാക്കിയിട്ടുണ്ട്.

(എച്ച്) ലിബിയയിൽ ബോംബാക്രമണം ഉണ്ടായതിനുശേഷം ആവശ്യമായ അന്വേഷണം നടത്തി അപകട ഭീഷണി ഇല്ലെന്നു ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമാണു ഒ.ഡി.ഇ.പി.സി. ലിബിയയിലേക്കു ഡോക്ടർമാരേയും മറ്റു പാരാമെഡിക്കൽ സ്റ്റാഫിനേയും അയച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞ് വിസയും ടിക്കറ്റും ലഭ്യമായതിനുശേഷം നിയമനം സ്വീകരിക്കാത്തവർക്കു ഫീസ് തിരിച്ചു നൽകുകയില്ല.

(ഐ) ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ നിവേദനങ്ങളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

വ്യാജവാറും വ്യാജചാരായ വില്പനയും

1305 [2336] ശ്രീ. എം. ജിനദേവൻ:
,, പി. വി., കുഞ്ഞിക്കണ്ണൻ:
,, ടി. കെ. ഹംസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വ്യാജവാറും വ്യാജചാരായ വില്പനയും നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര പേരെ ശിക്ഷിച്ചു;

(സി) വ്യാജവാറും വ്യാജവില്പനയും തടയുന്നതിന് ഫലപ്രദമായ നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly